## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 690** **04-04-2018 ൽ മറുപടിക്ക്**

### ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 17.08.2017 ലെ സ.ഉ (പി) നം.60/2017/റവ ഉത്തരവ് പ്രകാരം കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 7,8,9 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 02.02.2018 ലെ സ.ഉ (പി) നം.7/2018/റവ ഉത്തരവ് പ്രകാരം ചട്ടം 9(1) പ്രകാരമുള്ള ഭൂമി പതിവ് ഉത്തരവിലും ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) | പട്ടയം ലഭിക്കുന്നതിന് വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കൈവശമുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ജി.ഒ (പി) നം. 60/2017/ആർ.ഡി തീയതി 17.08.2017 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറച്ച് 17.08.2017 ലെ ജി.ഒ (പി) നം.60/2017/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചു പിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് തന്നെ ലഭിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള അവകാശം കർഷകർക്ക് തന്നെ ലഭിക്കുന്നതിന് ആവശ്യമായ ഭേദഗതി ചട്ടങ്ങളിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ